**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3472 12/12/2014-ൽ മറുപടിയ്ക്ക്

## ഹൈടെക്ക് കൃഷി

ചോദ്യം

**ശ്രീ.സി.ദിവാകരൻ**

കേരളത്തിൽ ഹൈടെക്ക്കൃഷി ഏതെല്ലാം കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതുവഴി ഉണ്ടായ നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; ഇതുവഴി ഉത്പാദനം എത്ര മടങ്ങായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഹൈടെക്ക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-2014 വർഷം എത്ര തുകയാണ് ചിലവഴിച്ചത്?

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

കേരളത്തിൽ ഹൈടെക് കൃഷി പച്ചക്കറി വിളകളായ സാലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ളവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയ കാർഷിക ഉത്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആരംഭിച്ച പോളീഹൗസുകളിൽ 4 മുതൽ 8 തവണ വരെ വിളവെടുപ്പ് നടത്തുവാൻ കർഷകർക്ക് സാധിച്ചിട്ടുണ്ട്. കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യവലുപ്പവും ഗുണമേന്മയും ഉള്ള ഉത്പന്നമായതിനാലും പോളീഹൗസിലെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്. ചുരുങ്ങിയ സ്ഥലത്ത് നിന്നും മേൽപ്പറഞ്ഞ വിളകളിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക ഉത്പാദനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്രമീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉത്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി ലഭിച്ച 3 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ചെലവഴിച്ചുവരുന്നു.

ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം 56.5 ലക്ഷം രൂപ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ